**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേരളാ ആട്ടോമൊബൈൽസിലെ വികസന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ആറാലുംമൂട് കേരളാ ആട്ടോമൊബൈൽസിൽ 2021-22 വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്ക് എത്ര തുക ആണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ; | (എ) | 2021 - 2022 സാമ്പത്തിക വർഷത്തിൽ വികസന പ്രവർത്തന-ങ്ങൾക്കായി 1,09,70,918 രൂപയാണ് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് വിനിയോഗിച്ചത്. |
| (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ആണ് തുക അനുവദിച്ചത് ; വിശദമാക്കാമോ; | (ബി) | 2022 - 23 സാമ്പത്തിക വർഷത്തിൽ ഇ - ഓട്ടോ , ഇ - റിക്ഷ , ഇ - സ്കൂട്ടർ എന്നിവയുടെ ഉത്പാദന സൗകര്യങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി 16/08/2022 ലെ സ.ഉ.(സാധാ)നം.866/2022/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 250 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. |
| (സി) | കേരളാ ആട്ടോമൊബൈൽസിൽ 2022-23 വർഷത്തിലെ പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കാമോ? | (സി) | പി . എം . എസ് . എം . മോട്ടോ ഘടിപ്പിച്ചിട്ടുള്ള ഇ - ഓട്ടോ, ഇ - പിക്ക് അപ്പ് വാൻ, ഇ - ടിപ്പർ എന്നീ ഇലക്ട്രിക് വാഹനങ്ങളുടെ വികസനവും ഉൽപാ-ദനവും സംബന്ധിച്ച പദ്ധതികളാണ് 2022 - 23 - ൽ കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് വിഭാവനം ചെയ്യുന്നത്. ഇ - ഓട്ടോ , ഇ - റിക്ഷ , ഇ - സ്കൂട്ടർ എന്നിവയുടെ ഉത്പാദന സൗകര്യങ്ങളുടെ വികസനത്തിനും നവീകരണത്തി-നുമായി 13/07/2022 - ലെ സ.ഉ.(സാധാ)നം.684/2022/ വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 416/- ലക്ഷം രൂപയുടെ പദ്ധതിയും, 25/08/2022 - ലെ സ.ഉ.(സാധാ)നം.918/2022/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 334/- ലക്ഷം രൂപയുടെ പദ്ധതിയും ഈ സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ